# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5434 — 31.10.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡ് -പ്രയോറിറ്റി, നോൺ പ്രയോറിറ്റി വിഭാഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയതായി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ള റേഷൻ കാർഡുകൾ പ്രയോറിറ്റി, നോൺപ്രയോറിറ്റി എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കാർഡുടമകളെ പ്രയോറിറ്റി , നോൺ പ്രയോറിറ്റി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തരം തിരിക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ; | (ബി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്ക് തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറ്റി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. |

(സി) അർഹതയുണ്ടെങ്കിലും പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) റേഷൻ കാർഡ് വിതരണത്തിന് മുമ്പായി ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(സി) & (ഡി) 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് പുതുക്കലിനായി കരട് പട്ടിക 20.10.16–ന് റേഷൻകടകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ആക്ഷേപങ്ങളും പരാതികളുമുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ പത്തു ദിവസത്തിനകം പരാതി നൽകാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമായ പരാതി സ്വീകരിച്ച് തെളിവെടുപ്പിനായി വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ അവകാശ വാദങ്ങളുടെ രേഖകളുമായി ഹാജരാകാൻ പരാതിക്കാരനെ അറിയിക്കുകയും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും പട്ടികയിൽ മാറ്റം വരുത്തുകയും ചെയ്യുന്നതാണ്. വെരിഫിക്കേഷൻ കമ്മറ്റിയുടെ തീരുമാനത്തിനെതിരെ പരാതിയുണ്ടെങ്കിൽ അപ്പലേറ്റ് കമ്മറ്റിയെ സമീപിക്കാവുന്നതാണ്. അപ്പലേറ്റ് കമ്മറ്റിയുടെ തീരുമാനപ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

*സെക്ഷൻ ഓഫീസർ*